"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട്, കാറൽമണ്ണ എൻ.എൻ.എൻ.എം. യു.പി.എസ് ജൂനിയർ ലാംഗ്വേജ് അറബിക് ടീച്ചർ ശ്രീമതി.ഷബീബ തസ്നി.കെ യുടെ നിയമനം നിരസിച്ചതിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**3826/2026/GEDN** തീയതി,തിരുവനന്തപുരം, **08-06-2026**

---

പരാമർശം:-

1. സ.ഉ.(കൈ) നം.**29/2023/GEDN** തീയതി **24.03.2023**
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **31.03.2023** തീയതിയിലെ എച്ച്**2/295299/2022/DGE** നമ്പർ സർക്കുലർ.
3. സർക്കാർ കത്ത് നമ്പർ.ജെആർ **1502/2023**/പൊ.വി.വ തീയതി **01.11.2023**
4. പാലക്കാട് കാറൽമണ്ണ എൻ.എൻ.എൻ.എം. യു.പി.എസ് മാനേജർ സമർപ്പിച്ച **23.08.2025** - ലെ റിവിഷൻ ഹർജി.
5. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **DEOMKD/1142/2025-B1** നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **09/10/2025**-ലെ **DGE/19992/2025-G4** നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന എൻ.എൻ.എൻ.എം. യു.പി.എസ് കാറൽമണ്ണയിലെ **2018-2019** വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിൽ **01.06.2022** മുതൽ നിയമിതയായ ശ്രീമതി.ഷബീബ.തസ്നി.കെ യുടെ നിയമനാംഗീകാര പ്രൊപ്പോസൽ ബന്ധപ്പെട്ട രേഖകളുടെ അപര്യാപ്തത കാരണവും, ഭിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവുകളിലെ നിർദേശങ്ങൾ പ്രകാരവും പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത നിയമനം ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിന്മേൽ സ്കൂൾ മാനേജർ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ നൽകിയെങ്കിലും മേൽ കാരണങ്ങളാൽ തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസറും പ്രൊപ്പോസൽ നിരസിച്ചിരുന്നു.

**2.** തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീൽ, മാനേജർ നിയമനത്തിന് ആവശ്യമായ രേഖകൾ കൃത്യമായി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച ശേഷം, സീനിയറായ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച പരാമർശം (1), (2), (3) എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം പുനഃപരിശോധിക്കുവാൻ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2010-2019 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിൽ 01.06.2022 മുതൽ നിയമിതയായ ശ്രീമതി.ഷബീബ തസ്നി.കെ യുടെ നിയമനാംഗീകാര പ്രൊപ്പോസൽ ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പുനഃപരിശോധിക്കുകയും താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിക്കുകയും ചെയ്തിരുന്നു.

a) ശ്രീമതി.ഷബീബ തസ്നി.കെ. യെ നിയമിച്ചിട്ടുള്ളത് ആദ്യം 2018-19 വർഷം അനുവദിച്ചു എന്നു പറയുന്ന അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിലാണ്. എന്നാൽ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം പ്രസ്തുത വർഷം അധിക അറബിക് തസ്തികളൊന്നും അനുവദിച്ചിട്ടില്ല. 2017-18 വർഷം അനുവദിച്ച ഒരു ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി.) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.മുഫീദ 10.03.2020 മുതൽ രാജിവെച്ചുപോയ ഒഴിവ് നിലനിൽക്കുന്നു.

b) റിവിഷൻ അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ ശ്രീമതി.ഷബീബ തസ്നി.കെ -യ്ക്ക്, 2018-19 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിലാണ് നിയമനം നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുള്ളത്. പ്രസ്തുത വർഷം അങ്ങനെയൊരു ഒഴിവ് തസ്തിക നിർണ്ണയപ്രകാരം നിലനിൽക്കുന്നില്ല. മാത്രവുമല്ല മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ നിയമന ഉത്തരവ് പുനഃസമർപ്പിച്ചിട്ടുള്ളത് ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) ഒഴിവിലേക്കാണ്. പ്രസ്തുത സ്കൂളിൽ 2019-20 വർഷം മുതൽ 2 ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി), 2 ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികകൾ ഉള്ളതിൽ 1 ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിൽ ശ്രീ ഷമീം പി.കെ എന്നയാളും, 2 ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികകളിൽ ശ്രീ.മുഹമ്മദലി, ശ്രീമതി. സഫ എന്നിവരെ ഭിന്നശേഷി സംവരണ പ്രകാരവും നിയമിച്ചു അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

**3.** ശ്രീമതി.ഷബീബ തസ്നി.കെ യുടെ നിയമനാംഗീകാര പ്രൊപ്പോസൽ പുനഃപരിശോധിച്ച് നിരസിച്ച ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമം റദ്ദ് ചെയ്ത്, ടിയാൾക്ക് 01.06.2022 മുതൽ നിയമനാംഗീകാരം നൽകണമെന്നും, ടി വിഷയത്തിൽ ഹർജിക്കാരെ നേരിൽ കേൾക്കുന്നതിന്

അവസരം നൽകണമെന്നും അഭ്യർത്ഥിച്ച് സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത റിവിഷൻ ഹർജി തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും **09.10.2025** - ന് പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**<u>4.ഹിയറിങ്ങ് സമയത്ത് മാനേജരുടേയും ,ഹർജിക്കാരിയുടെയും വാദഗതികൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു.</u>**

1. **2018-19** വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ **2** അറബിക് തസ്തികകൾ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ ആയത് ഏതൊക്കെയാണെന്ന് ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല (എൽ.പി/ യു.പി.) മാത്രവുമല്ല **2018-19** വർഷത്തിലെ ആറാം അധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം അനുസരിച്ച് ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികകളിൽ അധിക ഡിവിഷൻ അനുവദിക്കാൻ ആവശ്യമായ കുട്ടികളുണ്ടായിരുന്നിട്ടും ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മനപ്പൂർവ്വം ആയത് അനുവദിച്ചു നൽകുകയുണ്ടായില്ല.

2. **2022-23** വർഷത്തിൽ **2** എൽപി ജൂനിയർ ലാംഗ്വേജ് അറബിക്, **2** യൂപി ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികകൾ മാത്രമല്ല അനുവദിച്ചത്. യു.പി.യിൽ രണ്ട് അധിക യു.പി. ലാംഗ്വേജ് അറബിക് തസ്തികയും, ഒരു യു.പി അറബിക് ലാംഗ്വേജ് സസ്തികയും ഉൾപ്പെടെ മൂന്ന് അറബിക് യു.പി. ലാംഗ്വേജ് തസ്തികയും, അതുപോലെ രണ്ട് ലാംഗ്വേജ് എൽപി അറബിക് തസ്തികയും, **2019-20** വർഷത്തിൽ **2** എൽ.പി. അറബിക് തസ്തികയും, **2** യു.പി. അറബിക് തസ്തികയും അനുവദിച്ചു നൽകിയിട്ടുണ്ട്. അപ്രകാരം എൻ.എൻ.എൻ.എം.യു.പി. സ്കൂൾ കാറൽമണ്ണയിൽ **2019-20** വർഷം അനുവദിച്ച എൽപി അറബിക് തസ്തികയിലെ മുഫീദ **10.03.2018** രാജിവെച്ച് പോയ ഒഴിവു നിലനിൽക്കുന്നുണ്ട്. അതിനാലാണ് നിയമന പ്രൊപ്പോസലിൽ ജൂനിയർ എൽ.പി. ലാംഗ്വേജ് അറബിക് ടീച്ചർ എന്ന് രേഖപ്പെടുത്തിയത്.

3. **2018-19**-ലെ തസ്തിക നിർണയം പുനർനിർണയിച്ച് അധിക അറബിക് തസ്തിക അനുവദിക്കുകയും, ശ്രീമതി.മുഫീദ രാജിവെച്ച ഒഴിവ് വ്യവസ്ഥാപിതമായി **01.06.2022**-ൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ **2022-23** വർഷത്തിൽ പ്രസ്തുത സ്കൂളിൽ അറബിക് തസ്തികയിൽ ഒഴിവില്ലെന്ന് സ്ഥിരീകരിക്കുവാൻ കഴിയുന്നതല്ലെന്നും, ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ നടപടി തിരുത്തി നിയമനം **01.06.2022** മുതൽ അംഗീകരിച്ച് നൽകണം.

**<u>5) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.</u>**

എൻ.എൻ.എൻ.എം.യു.പി.എസ് കാറൽമണ്ണയിലെ **2018 - 2019** ലെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് യു.പി തസ്തികയിൽ **01.06.2022** മുതൽ

നിയമിതയായ ശ്രീമതി.ഷബീബ തസ്നി.കെ-യുടെ നിയമനാംഗീകാര പ്രൊപ്പോസൽ, ബന്ധപ്പെട്ട രേഖകളുടെ അപര്യാപ്തതയാലും ഭിന്നശേഷി നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടേയും നിർദേശങ്ങളുടേയും അടിസ്ഥാനത്തിലും പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. ആയതിന്മേൽ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിരസിച്ചതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകുകയും, നിയമനത്തിന് ആവശ്യമായ രേഖകൾ കൃത്യമായി സമർപ്പിക്കുകയും സീനിയറായ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച പരാമർശം (1), (2), (3) എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം പുനഃപരിശോധിക്കുവാൻ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2018-2019 ലെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് യു.പി തസ്തികയിൽ 01.06.2022 മുതൽ നിയമനിതയായ ശ്രീമതി.ഷബീബ തസ്നി.കെ യുടെ നിയമനാംഗീകാര പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുനഃപരിശോധിക്കുകയും താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് നൽകുകയാണുണ്ടായത്.

1. ശ്രീമതി.ഷബീബ തസ്നി.കെ. യെ നിയമിച്ചിട്ടുള്ളത് ആദ്യം 2018-19 വർഷം അനുവദിച്ചു എന്നു പറയുന്ന അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിലാണ്. എന്നാൽ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം പ്രസ്തുത വർഷം അധിക അറബിക് തസ്തികളൊന്നും അനുവദിച്ചിട്ടില്ല. 2017-18 വർഷം അനുവദിച്ച ഒരു ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി.) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.മുഫീദ 10.03.2020 മുതൽ രാജിവെച്ചുപോയ ഒഴിവ് നിലനിൽക്കുന്നു.

2. റിവിഷൻ അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ ശ്രീമതി.ഷബീബ തസ്നി.കെ -യ്ക്ക്, 2018-19 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിലാണ് നിയമനം നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുള്ളത്. പ്രസ്തുത വർഷം അങ്ങനെയൊരു ഒഴിവ് തസ്തിക നിർണ്ണയപ്രകാരം നിലനിൽക്കുന്നില്ല. മാത്രവുമല്ല മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ നിയമന ഉത്തരവ് പുനഃസമർപ്പിച്ചിട്ടുള്ളത് ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) ഒഴിവിലേക്കാണ്. പ്രസ്തുത സ്കൂളിൽ 2019-20 വർഷം മുതൽ 2 ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി), 2 ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികകൾ ഉള്ളതിൽ 1 ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിൽ ശ്രീ ഷമീം പി.കെ എന്നയാളും, 2 ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികകളിൽ ശ്രീ.മുഹമ്മദലി, ശ്രീമതി. സഫ

എന്നിവരെ ഭിന്നശേഷി സംവരണ പ്രകാരവും നിയമിച്ചു അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

3. ശ്രീമതി.ഷബീബ തസ്നി.കെ - യ്ക്ക്, 2018-19 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യുപി) തസ്തികയിൽ നിയമനം നൽകുന്നതിനാണ് റിവിഷൻ അപ്പീൽ തീർപ്പാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുള്ളത്. പ്രസ്തുത വർഷം അങ്ങനെയൊരു ഒഴിവ് തസ്തിക നിർണ്ണയപ്രകാരം നിലനിൽക്കുന്നില്ലെന്ന വിവരം റിവിഷൻ അപ്പീൽ പരിഗണിക്കുന്ന വേളയിൽ ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നില്ല. 2018-2019 വർഷത്തെ തസ്തിക നിർണ്ണയം പരിശോധിച്ചതിൽ ടി വർഷം 3 ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികക്ക് അർഹതയുണ്ടെങ്കിലും മാനേജരുടെ ആവശ്യ പ്രകാരം 2 ജൂനിയർ ലാംഗ്വേജ് അറബിക് തസ്തിക അനുവദിച്ചിരിക്കുന്നു. പ്രസ്തുത തസ്തികകളിൽ എൽ.പി വിഭാഗത്തിൽ അംഗീകാരത്തോടെ 1 അധ്യാപകനും അംഗീകാരമില്ലാതെ 1 അധ്യാപികയും ജോലി ചെയ്ത് വരവെ 2019 - 2020 വർഷത്തിൽ 2 അധിക ജൂനിയർ ലാംഗ്വേജ് അറബിക് തസ്തിക അനുവദിക്കുകയും ടി തസ്തികകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളായി ശ്രീമതി.സഫ, ശ്രീ.മുഹമ്മദാലി.കെ എന്നിവരെ ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികകളിൽ 03.11.2023 മുതൽ മാനേജർ നിയമിക്കുകയും നിയമനം അംഗീകരിക്കുകയും ചെയ്തിരുന്നു. കൂടാതെ ടി വിദ്യാലയത്തിൽ 2017-18 വർഷത്തെ അധിക ജൂനിയർ അറബിക് തസ്തികയിൽ 01.07.2017 മുതൽ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപികയായി നിയമനാംഗീകാരമില്ലാതെ ജോലി ചെയ്ത് വരവെ ശ്രീമതി.മുഫീദ.എ 10.03.2020 - ന് രാജി വെച്ച ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിലും ടി ഒഴിവ് എൽ.പി വിഭാഗത്തിലും ശ്രീമതി.ഷബീബ തസ്നി കെ യുടെ നിയമനം യു.പി വിഭാഗത്തിലുമാണ്. മേൽ സാഹചര്യത്തിൽ എൻ.എൻ.എൻ.എം.യു.പി.എസ് കാറൽമണ്ണയിൽ 01.06.2022 മുതൽ നിയമിതയായ ശ്രീമതി.ഷബീബ തസ്നി.കെ യെ 2017 - 2018 വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് എൽ.പി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി മുഫീദ.എ 10.03.2020 - ന് രാജി വെച്ച ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിലേക്ക് മാനേജർ മാറ്റി നിയമിച്ച് ക്രമ പ്രകാരമുള്ള നിയമനാംഗീകാര പ്രൊപ്പോസൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്ന മുറക്ക് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി ഷബീബ തസ്നി. കെ യുടെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിലെ നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പരിഗണിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

6) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ,

ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന എൻ.എൻ.എൻ.എം.യു.പി.എസ് കാറൽമണ്ണയിലെ **2018-2019** വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിൽ **01.06.2022** മുതൽ നിയമിതയായ ശ്രീമതി.ഷബീബ തസ്നി.കെ യുടെ നിയമനാംഗീകാര പ്രൊപ്പോസൽ നിരസിച്ചതിനെതിരെയുള്ള റിവിഷൻ അപ്പീൽ, നിയമനത്തിന് ആവശ്യമായ രേഖകൾ കൃത്യമായി സമർപ്പിക്കുകയും സീനിയറായ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച പരാമർശം **(1)**, **(2)**, **(3)** എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം പുനഃപരിശോധിക്കുവാൻ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നിർദേശം നൽകികൊണ്ടാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ തീർപ്പാക്കി ഉത്തരവായിരുന്നത്. അപ്രകാരം പ്രൊപോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുനഃപരിശോധിച്ചെങ്കിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ അപ്പലേറ്റ് ഉത്തരവ് പ്രകാരം **2018-19** വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) തസ്തികയിലാണ് നിയമനം നൽകാൻ ഉത്തരവായിട്ടുള്ളതെന്നും, എന്നാൽ പ്രസ്തുത വർഷം അങ്ങനെയൊരു ഒഴിവ് തസ്തിക നിർണ്ണയപ്രകാരം നിലനിൽക്കുന്നില്ലെന്നും, മാത്രമല്ല മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ നിയമന ഉത്തരവ് സമർപ്പിച്ചിട്ടുള്ളത് ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) ഒഴിവിലേക്കായതിനാലും പ്രൊപ്പോസൽ നിരസിച്ച് ഉത്തരവാകുകയാണ് ഉണ്ടായത്. അപ്പീൽ പരിഗണിച്ച സമയത്ത് ഇപ്രകാരം തസ്തിക നിലനിൽക്കുന്നില്ലെന്ന് ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരുന്നില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി വിദ്യാലയത്തിൽ **2017** അറബിക് തസ്തികയിൽ **01.07.2017** മുതൽ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപികയായി നിയമനാംഗീകാരമില്ലാതെ ജോലി ചെയ്ത് വരവെ ശ്രീമതി.മുഫീദ.എ **10.03.2020**-ന് രാജി വെച്ച ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിലും ടി ഒഴിവ് എൽ.പി വിഭാഗത്തിലും ശ്രീമതി.ഷബീബ തസ്നി-കെ യുടെ നിയമനം യു.പി വിഭാഗത്തിലുമാണ്.

**7.** മേൽ സാഹചര്യത്തിൽ എൻ.എൻ.എൻ.എം.യു.പി.എസ് കാറൽമണ്ണയിൽ **01.06.2022** മുതൽ നിയമിതയായ ശ്രീമതി.ഷബീബ തസ്നി. കെ യെ **2017 - 2018** വർഷത്തെ അധിക ജൂനിയർ ലാംഗ്വേജ് അറബിക് എൽ.പി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി മുഫീദ.എ **10.03.2020** - ന് രാജി വെച്ച ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിലേക്ക് മാനേജർ മാറ്റി നിയമിച്ച് ക്രമ പ്രകാരമുള്ള നിയമനാംഗീകാര പ്രൊപ്പോസൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്ന മുറക്ക് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി.ഷബീബ തസ്നി.കെ-യുടെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിലെ

നിയമനം ഭിന്നശേഷി വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിച്ച് തീർപ്പ് കല്പിക്കുന്നതിന് ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി ഉത്തരവാകുന്നു.

8. ഇപ്രകാരം പരാമർശം (4) ലെ റിവിഷൻ ഹർജി തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ജെ ശാലിനി**

**അഡിഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി
മാനേജർ, എൻ.എൻ.എൻ.എം.യു.പി.എസ് കാറൽമണ്ണ, പാലക്കാട്.
ശ്രീമതി.ഷമീമ തസ്നി കെ, ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി), എൻ.എൻ.എൻ.എം.യു.പി.എസ് കാറൽമണ്ണ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 08-06-2026 14:05:21